പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 198

02/03/2020 ൽ മറുപടി നല്കേണ്ടത്.

## കുട്ടികളിലെയും കൗമാരക്കാരിലെയും മാനസികാരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി വീണാ ജോർജ്ജ്**<br>**പ്രൊഫ.കെ.യു.അരുണൻ**<br>**ശ്രീ.കെ. ബാബു**<br>**,, പി.ടി.എ. റഹീം** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളിലെയും കൗമാരക്കാരിലെയും മാനസികാരോഗ്യ പ്രശ്നങ്ങൾ ആരംഭത്തിൽ തന്നെ കണ്ടുപിടിച്ച് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ സാധിക്കുന്നതെന്ന് അറിയിക്കാമോ; | (എ) കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെ തന്നെ കണ്ടെത്തുവാൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിലൂടെ കഴിയും. വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, ലഹരിവസ്തുക്കളുടെ ഉപയോഗം, മാനസിക സമ്മർദ്ദങ്ങൾ എന്നിവയെല്ലാം തുടക്കത്തിലേ കണ്ടെത്തി സ്കൂൾ കൗൺസിലറുടെ സേവനം ലഭ്യമാക്കുകയും കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ വഴി അത് ലഭ്യമാക്കാനും കഴിയും. |
| (ബി) കുട്ടികളിലെ വളർച്ചാപരവും സ്വഭാവപരവും വൈകാരികപരവുമായ വൈകല്യങ്ങൾ സ്കൂൾ തലത്തിൽത്തന്നെ കണ്ടുപിടിക്കാനും ആവശ്യമായ പ്രാഥമിക ഇടപെടലുകൾ നടത്താനും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം നടപടി | (ബി) കുട്ടികൾക്ക് ഉണ്ടാകാവുന്ന വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, Specific Learning Disability, Intellectual Disability മുതലായ വൈകല്യങ്ങൾ നേരത്തെ തന്നെ കണ്ടെത്തുവാനും പ്രാഥമിക ഇടപെടലുകൾ നടത്തുവാനും ജില്ലാ മാനസികാരോഗ്യ പരിപാടി വഴി അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു. അടുത്ത സാമ്പത്തിക വർഷവും ഇതിനായി ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(സി) ഇപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ വിദ്യാ ലയങ്ങളിലും കൗൺസി ലിംഗ് സെന്ററുകൾ ആരംഭി ക്കുന്നതിനെക്കുറിച്ച് പരിശോ ധിക്കുമോ?

(സി) പരിശീലനം ലഭിച്ച അദ്ധ്യാപകർ കണ്ടെത്തുന്ന വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ/ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് ICDS-ന്റെ കീഴിൽ ഉള്ള സ്കൂൾ കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നതാണ് അഭികാമ്യം. ഇതിനുള്ള പരിശീലനം ജില്ലാ മാനസികാരോഗ്യ പരിപാടി വഴി സ്കൂൾ കൗൺസിലർമാർക്ക് നൽകി വരുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ വഴി അത് ലഭ്യമാക്കാനും കഴിയും. അതിനുള്ള റഫറൽ ഫോമുകൾ സ്കൂൾ കൗൺസിലർമാർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ